**വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ : ശ്രീമതി അനുപമ റ്റി.വി. ഐ.എ.എസ്)**

വിഷയം : വ.ശി.വി.വ-ഐസിഡിഎസ് അമ്പലപ്പുഴ - 90-ആം നമ്പർ അങ്കണവാടി കെട്ടിടത്തിനു വിട്ടു നൽകിയ സ്ഥലവും അതിലുള്ള കെട്ടിടവും ഒഴിയുന്നത് - ശ്രീ എം.ടി ഫൽഗുനൻ - ബഹു കേരള ഹൈക്കോടതിയിൽ W.P© 4047/2021 നമ്പരായി ഫയൽ ചെയ്ത ഹർജിയിൻമേൽ 29.03.2021 ൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം-നടപ്പിലാക്കി –ഉത്തരവാകുന്നു.

പരാമർശം :

1) സാമൂഹിയനീതി ഡയറക്ടറുടെ 28.05.2021 ലെ SJD/1804/2021-SC1 നമ്പർ കത്ത്
2) W.P(C)4047/2021 നമ്പർ ഹർജിയിൽ ബഹു കേരള ഹൈക്കോടതി 29.03.2021 ൽ പുറപ്പെടുവിച്ച വിധിന്യായം.
3) 22.11.2011 തീയതിയിലെ എക്സിബിറ്റ് പി4 ആയുള്ള അപേക്ഷ
4) ആലപ്പുഴ പ്രോഗ്രാം ഓഫീസർ 10.09.2021 ൽ സമർപ്പിച്ച റിപ്പോർട്ട്

**ഉത്തരവ് നം. ഐസിഡിഎസ് ബി5/9002/21 തീയതി : 20.10.2021**

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ഐസിഡിഎസിനു കീഴിലെ പുറക്കാട് പഞ്ചായത്തിലെ അങ്കണവാടിസെന്റർ നം. 90 പ്രവർത്തിക്കുന്ന കെട്ടിടവും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പുറക്കാട് വില്ലേജിൽ സർവ്വേ നമ്പർ 275/06 ൽ ഉൾപ്പെട്ട 2 സെന്റ് ഭൂമിയും ഒഴിഞ്ഞു നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P© 4047/2021 നമ്പർ ഹർജിയിൽ അമ്പലപ്പുഴ തോട്ടപ്പള്ളിയിൽ തോപ്പിൽ വീട്ടിൽ തങ്കപ്പൻ മകൻ എം.റ്റി ഫൽഗുനൻ , തന്റെ മാത്രം ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 275/06 ൽപ്പെട്ട 2 സെന്റ് ഭൂമിയിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി വിട്ടു നൽകുന്നതിന് 1997 ൽ സമ്മതം നൽകിയിരുന്നുവെങ്കിലും നിയമപരമായ യാതൊരു രേഖയും സമർപ്പിച്ചിട്ടില്ലായെന്നും തനിക്കും ഭാര്യക്കും ജീവിക്കുന്നതിന് മറ്റ് ജീവിത സാഹചര്യങ്ങൾ ഒന്നുമില്ലാത്ത സാഹചര്യത്തിൽ സ്വന്തമായി തൊഴിൽ ചെയ്യുന്നതിന് കെട്ടിടം വിട്ടു നൽകണമെന്നും പരാതിപ്പെട്ടിരുന്നു. പരാതിക്കാരന്റെ എക്സിബിറ്റ് പി4 ആയുള്ള ഈ അപേക്ഷ പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ രണ്ടാം എതിർ കക്ഷിയായ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തി ബഹു കേരള ഹൈക്കോടതി പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു. വനിത ശിശുവികസന ഡയറക്ടർ ഈ കേസിൽ കക്ഷിയല്ലാ എങ്കിലും വകുപ്പ് വിഭജനത്തെത്തുടർന്ന് മേൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് വനിത ശിശു വികസന വകുപ്പ് ആകയാൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിട്ടിച്ചുണ്ട്.

1975 ൽ സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്രസർക്കാർ പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതിയിൽ നിലവിലുള്ള 258 ഐസിഡിഎസുകൾ രൂപീകരിച്ചിട്ടുള്ളത് മൂന്നു ഘട്ടങ്ങളിലൂടെയുള്ള വികസനത്തിലൂടെയാണ്. ഇപ്രകാരം

ഘട്ടങ്ങളായുള്ള വികസനത്തിന്റെ ഭാഗമായി ഒഫീസ് ഷിഫ്റ്റിംഗും ഓരോ ഐസിഡിഎസിന്റേയും പ്രവർത്തന പരിധി പുനർനിർണയവും പ്രകൃതി ദുരന്തങ്ങളുമൊക്കെ ഓഫീസുകളുലെ പഴയ രേഖകൾ നഷ്ടപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഹർജിക്കാരന്റെ രണ്ട് സെന്റ് ഭൂമി സാമൂഹ്യക്ഷേമ വകുപ്പിന് റിലിങ്കിഷ് ചെയ്തിട്ടുള്ളത് 1993 ലാണ് എന്ന് കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുള്ളതാണ്. 2009 ലെ ഓഫീസ് ഷിഫ്റ്റിംഗിൽ ആയതിന്റെ ഒറിജിനൽ നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഫീസിലെ ബന്ധപ്പെട്ട ഫയലുകൾ വിശദമായി പരിശോധിച്ച് പരാമർശം (4) പ്രകാരം ആലപ്പുഴ പ്രോഗ്രാം ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ ഇനി പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്.

1) ശ്രീ എം.റ്റി ഫൽഗുനൻ 16.01.1987ലാണ് 2 സെന്റ് ഭൂമി അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ലാന്റ് റിലിങ്കിഷ് ചെയ്തുകൊണ്ട് ഫാറം എ.റൂൾ.3 ( ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള അപേക്ഷ) യും ഫാറം ബി റൂൾ 7 പ്രകാരമുള്ള പ്രസ്താവനയും ഒപ്പിട്ടു നൽകിയിട്ടുള്ളതിന്റെ അറ്റസ്റ്റഡ് കോപ്പി ഓഫീസിൽ ലഭ്യമാണ്. ടി രേഖകൾ പ്രകാരം 1987 ൽ ആണ് ടിയാൾ ലാന്റ് റിലിങ്കിഷ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ ബഹു ഹൈക്കോടതിയിൽ 1993 ൽ ഭൂമി കൈമാറിയതായും ആയതിന് നിയമപരമായ യാതൊരു രേഖയും നൽകിട്ടില്ലാ എന്ന എക്സിബിറ്റ് പി4 ലെ വാദം തെറ്റാണ് എന്ന് ബോധ്യപ്പെട്ടു.

2) ഇത്തരത്തിൽ 275/04 ആം നമ്പർ സർവ്വേയിൽപ്പെട്ട 22 സെന്റ് ഭൂമിയിൽ നിന്നും ഹർജിക്കാരൻ 2 സെന്റ് ഭൂമി നൽകിക്കൊണ്ട് ലാന്റ് റിലിങ്കിഷ്മെന്റ് ഫോം ഒപ്പിട്ടു നൽകിയതിനെത്തുടർന്നാണ് ഇപ്രകാരം വിട്ടുകിട്ടിയ ഭൂമിയിൽ 1992-93 വർഷത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ജനറൽ ഫണ്ട് കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്തി സർക്കാർ തുകയായ 20000/- രൂപ വിനിയോഗിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറുടെ 01.12.1992 ലെ ഐസിഡിഎസ്/ബി1/1643/92 ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

3) ഫാറം എ റൂൾ 3 പ്രകാരം ലാന്റ് റിലിങ്കിഷ്മെന്റ് ചെയ്യുകയും, ഭൂമി വിട്ടു നൽകുന്നതിനുള്ള എല്ലാ അവകാശങ്ങളും വിട്ടൊഴിഞ്ഞ് വസ്തു ഇതിനാൽ സർക്കാരിലേക്ക് വിട്ടു തന്നിരിക്കുന്നു എന്ന് ഫാറം ബി റൂൾ 7 പ്രകാരമുള്ള പ്രസ്താവന ഹർജിക്കാരൻ 2 സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ട് നൽകിയിട്ടുള്ളതും സർക്കാർ ഫണ്ടുപയോഗിച്ച് അങ്കണവാടിക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടം , അങ്കണവാടി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ ഹർജിക്കാരുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന് അപേക്ഷയിൽ ആരോപിച്ചിരിക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

4) ശ്രീ എം.ടി ഫൽഗുനന്റെ ഭാര്യ ശ്രീമതി ലളിത 1983 മുതൽ 89-ആം നമ്പർ അങ്കണവാടിയിൽ അങ്കണവാടി വർക്കറായി ജോലിചെയ്തുവന്നിരുന്നു. 275/04 ആം നമ്പർ സർവ്വേയിൽപ്പെട്ട 22 സെന്റ് ഭൂമിയിൽ നിന്നും ഹർജിക്കാരൻ വിട്ടുനൽകിയ 2 സെന്റ് സ്ഥലത്ത് അങ്കണവാടി കെട്ടിടം പണി പൂർത്തിയായി 1997 ൽ 90 ആം നമ്പർ അങ്കണവാടി ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ഹർജിക്കാരന്റെ ഭാര്യക്ക് ടി അങ്കണവാടിയിൽ സ്ഥലം മാറ്റത്തിലൂടെ നിയമനം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം ശ്രീമതി ലളിത ടി അങ്കണവാടിയിൽ 15 വർഷത്തോളം അങ്കണവാടി വർക്കറായി ജോലി ചെയ്തിരുന്നതായി രേഖകളിൽ നിന്നും പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. 30.04.2011 ന് അങ്കണവാടി വർക്കറായി ടി അങ്കണവാടിയിൽ നിന്നും ടിയാൾ വിരമിച്ചു. തുടർന്ന് ടിയാൾ W.P(C)No.3019/2011 നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയും 16.07.2011 ലെ ബഹു ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 08.08.2011 മുതൽ 90 ആം നമ്പർ അങ്കണവാടിയിൽ സ്ഥിര നിയമനം നടക്കുംവരെ ടിയാളെ താൽക്കാലികമായി നിയമിക്കണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ താൽക്കാലികമായി തുടർന്നിരുന്നു. ടിയാൾക്ക് വീടിന്റെ തൊട്ടടുത്തേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിലേക്കാണ് ടിയാൾ അങ്കണവാടിക്ക് സ്ഥലം വിട്ടു നൽകിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും വളരെ വ്യക്തമായിട്ടുണ്ട്.

5) അങ്കണവാടി വർക്കറായി മറ്റൊരു അങ്കണവാടിയിൽ ജോലി ചെയ്തിരുന്ന തന്റെ ഭാര്യക്ക് വീടിനടുത്ത് ജോലി ചെയ്യാൻ സൗകര്യം ഒരുക്കുന്നതിലേക്കായി അങ്കണവാടി നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകി സർക്കാരിന്റെ തുക ചിലവഴിച്ച് കെട്ടിട നിർമ്മാണം നടത്തി 15 വർഷത്തോളം അങ്കണവാടി വർക്കറായി അവിടെ ജോലി ചെയ്തതിനു ശേഷം 60 വയസ്സ് തികഞ്ഞതിനെത്തുടർന്ന് ഭാര്യ വിരമിച്ചയുടൻ സ്ഥലവും കെട്ടിടവും തിരികെ ലഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് അംഗീകരിക്കാൻ കഴിയില്ല.

6) ഈ കേസിലെ എതിർ കക്ഷിയായ ആർ.ഡി.ഒ യുടെ നിർദ്ദേശപ്രകാരം പുറക്കാട് വില്ലേജ് ഓഫീസർ 13.01.2012 ന് നൽകിയ റിപ്പോർട്ടിൽ പുറക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 21 ൽ റീസർവ്വേ 92/6 ൽപ്പെട്ട 2.54 ആർസ് പുരയിടം തോട്ടപ്പള്ളി മുറിയിൽ തോപ്പിൽ വീട്ടിൽ തങ്കപ്പൻ മകൻ ഫൽഗുനൻ എന്നയാളിന്റെ പേരിലും കൈവശത്തിലും ഇരിക്കുന്നതാണെന്നും ഈ വസ്തുവിന്റെ പടിഞ്ഞാറ് ഭാഗത്തായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു അങ്കണവാടി കെട്ടിടം സ്ഥിതി ചെയ്യുന്നതായും ഈ കെട്ടിടം കഴിഞ്ഞ 15 വർഷമായി ഇവിടെ സ്ഥിതി ചെയ്യുന്നതായും സാമൂഹ്യക്ഷേമ വകുപ്പിന്റെ 90-ാം നമ്പർ അങ്കണവാടി വളരെക്കാലമായി പ്രവർത്തിച്ചു വരുന്നതാണെന്നും അപേക്ഷകനായ ശ്രീ എം.റ്റി ഫൽഗുനന്റെ മുൻകൂർ സമ്മതം ഇല്ലായിരുന്നെങ്കിൽ ഇത്തരത്തിൽ ഒരു കെട്ടിടം നിർമ്മിക്കുവാനോ അങ്കണവാടി

പ്രവർത്തിക്കുവാനോ സാദ്ധ്യമാകമായിരുന്നില്ലെന്നും ഇതിൽ നിന്നും അങ്കണവാടി നിർമ്മിക്കുന്നതിനും പ്രവർത്തിക്കുന്നതിനും അപേക്ഷകൻ സമ്മതം നൽകിയതായി അനുമാനിക്കാവുന്നതാണെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ കഴിഞ്ഞ 15 വർഷമായി പ്രവർത്തിച്ചുവരുന്ന അങ്കണവാടി പൊളിച്ച് നീക്കണമെന്നും അല്ലെങ്കിൽ അങ്കണവാടി മാറ്റി സ്ഥാപിക്കണമെന്നുമുള്ള അപേക്ഷയിലെ ആവശ്യം അംഗീകരിക്കാവുന്നതല്ല എന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) പരാതിക്കാരനും ഭാര്യക്കും സ്വന്തമായി ഭേദപ്പെട്ട ഒരു വീടുണ്ടെന്നും ജീവിക്കാനുള്ള ജീവിത സാഹചര്യമുണ്ടെന്നും അമ്പലപ്പുഴ സിഡിപിഒ റിപ്പോർട്ട് ചെയ്തതായി പ്രോഗ്രാം ഓഫീസർ അറിയിച്ചിട്ടുണ്ട്.

8) ശ്രീ ഫൽഗുനൻ വിട്ടു നൽകിയ ഭൂമിയിൽ 15 വർഷത്തോളമായി പ്രവർത്തിച്ചു വരുന്ന അങ്കണവാടി കെട്ടിടം അൺഫിറ്റായതിനെത്തുടർന്ന് 2014 മുതൽ മറ്റൊരു വാടകക്കെട്ടിടത്തിൽ ആണ് അങ്കണവാടി സെന്റർ നം.90 പ്രവർത്തിച്ചു വരുന്നത്. ഉപയോഗിക്കാതെ കിടക്കുന്ന മേൽപ്പറഞ്ഞ കെട്ടിടം തൊട്ടടുത്ത് താമസിക്കുന്ന ശ്രീ എം.റ്റി ഫൽഗുനൻ കൈകാര്യം ചെയ്ത് വരുന്നതായാണ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളതെന്ന് പ്രോഗ്രാം ഓഫീസർ അറിയിച്ചിരിക്കുന്നു.

മേൽ വസ്തുതകളുടെയും ലഭ്യമായ രേഖകളും റിപ്പോർട്ടുകളും പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ശ്രീ എം.റ്റി ഫൽഗുനൻറെ പരാതിയിൽ കഴമ്പില്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ എം.റ്റി ഫൽഗുനൻ 16.01.1987ൽ തന്നെ 2 സെന്റ് ഭൂമി അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ലാന്റ് റിലിങ്ക്വിഷ് ചെയ്തുകൊണ്ട് ഫാറം എ.റൂൾ.3 ( ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള അപേക്ഷ) യും ഫാറം ബി റൂൾ 7 പ്രകാരമുള്ള ഭൂമി വിട്ടു നൽകുന്നതിനുള്ള എല്ലാ അവകാശങ്ങളും വിട്ടൊഴിഞ്ഞ് വസ്തു ഇതിനാൽ സർക്കാരിലേക്ക് വിട്ടു തന്നിരിക്കുന്നു എന്ന് പ്രസ്താവനയും 2 സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടുനൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടുപയോഗിച്ച് അങ്കണവാടിക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ അങ്കണവാടി സെന്റർ നം.90 പ്രവർത്തിച്ചിരുന്നതും ടിയാളുടെ ഭാര്യ ഇവിടെ അങ്കണവാടി വർക്കറായി 15 വർഷത്തോളം പ്രവർത്തിച്ചു വിരമിച്ചതിനു ശേഷം സ്ഥലവും കെട്ടിടവും വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടത് അംഗീകരിക്കാൻ കഴിയില്ല. ഇത്തരത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുനൽകി സർക്കാർ ചിലവിൽ കെട്ടിടം നിർമ്മിച്ച് സ്വ താൽപ്പര്യം സംരക്ഷിച്ചതിനു ശേഷം തിരികെ ആവശ്യപ്പെടുന്നത് നിയമാനുസൃതമല്ലാത്തിനാലും അപേക്ഷകന്റെ ആരോപണങ്ങൾ തെറ്റാണെന്ന് കണ്ടതിനാലും ഇത്തരത്തിൽ സ്ഥലം വിട്ടു

നൽകിയവരെല്ലാം ജോലി ലഭിച്ചതിനു ശേഷം സർക്കാരിലേക്ക് നൽകിയ വസ്തു കെട്ടിടം സഹിതം തിരികെ ആവശ്യപ്പെടുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാലും സ്ഥലവും കെട്ടിടവും തിരികെ ലഭിക്കണമെന്ന ശ്രീ എം.റ്റി ഫൽഗുനൻറെ ആവശ്യം നിസ്സംശയം നിരസിക്കുന്നു.

അങ്കണവാടി സെൻ്റർ നം.90 പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടം അൺഫിറ്റായതിനെത്തുടർന്ന് 2014 മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു എന്നതിനാൽ സർക്കാർ അധീനതയിലുള്ള കെട്ടിടം ഒരു സ്വകാര്യ വ്യക്തിയായ ശ്രീ എം.റ്റി ഫൽഗുനൻ കൈകാര്യം ചെയ്യുന്നത് സർക്കാർ ഭൂമിയിലേക്കുള്ള അനധികൃത കൈയ്യേറ്റമാണ് എന്ന് കണക്കാക്കാം. ആയതിനാൽ ഈ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുകയും ടി അങ്കണവാടി നവീകരിച്ചോ പുതിയ കെട്ടിടം നിർമ്മിച്ചോ ഉപയോഗയോഗ്യമാക്കി അങ്കണവാടി ടി സ്ഥലത്ത് തന്നെ പ്രവർത്തിപ്പിക്കാനുള്ള അടിയന്തിര നടപടിയും ടി വസ്തുവിന്റെ തണ്ടപ്പേര് പൂർണമായും വകുപ്പിന്റേയോ പഞ്ചായത്തിന്റേയോ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടിയും പ്രോഗ്രാം ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവർ സ്വീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിക്കൊണ്ടും W.P(C)4047/2021 നമ്പർ ഹർജിയിൽ ബഹു കേരള ഹൈക്കോടതി 29.03.2021 ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

ശ്രീ എം.റ്റി ഫൽഗുനൻ (രജിസ്റ്റേർഡ് വിത്ത് എ.ഡി)
തോപ്പിൽ വീട് , തോട്ടപ്പള്ളി

ഒപ്പ്
വനിത ശിശു വികസന ഡയറക്ടർ

**പകർപ്പ്**

1. ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ
2. പ്രോഗ്രാം ഓഫീസർ, ആലപ്പുഴ
3. ശിശു വികസന പദ്ധതി ഓഫീസർ, ഐസിഡിഎസ് അമ്പലപ്പുഴ
4. സൂപ്പർവൈസർ, പുറക്കാട് പഞ്ചായത്ത് (അമ്പലപ്പുഴ സിഡിപിഒ മുഖേന)
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്